# മലയാളത്തിലെ സൈബർകഥകളുടെ ആഖ്യാനഘടന

ഡോ. ജമീൽ അഹമ്മദ്

ഉത്തരാധുനികതയുടെ ഉത്തരകാലമാണ്, പുതിയനൂറ്റാണ്ടിലെ സാങ്കേതികവിദ്യയുടെ വികാസത്തോടെ മലയാളത്തിലടക്കം സാധ്യമായത്. ഉത്തര ഉത്തരാധുനികതയുടെ പ്രധാന വാഗ്ദാനം അത് കാര്യങ്ങളെ കൂടുതൽ / പരമാവധി വികേന്ദ്രീകരിക്കുന്നു എന്നതാണ്. ആഗ്രങ്ങളെ നിർമിക്കുകയല്ല, വ്യക്തിയുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ഉൽപാദനത്തെ പരുവപ്പെടുത്താൻ അത് തയ്യാറാകുന്നു. ആധുനികത (മോഡേണിറ്റി)യുടെ കാലത്ത് മുതലാളിത്തം അധികാരത്തിന്റെ കേന്ദ്രീകരണത്തിലൂടെ ലാഭംകൊയ്യുകയും ഉത്തരാധുനികത യിൽ (പോസ്റ്റ് മോഡേണിസം) വികേന്ദ്രീകരണം നടത്തിക്കൊണ്ട് ലാഭം കൂട്ടുകയും ചെയ്തു. ഉത്തര ഉത്തരാധുനികതയിൽ (പോസ്റ്റ് പോസ്റ്റ്മോഡേണിസം) സമൂഹത്തിലെ ഓരോ വ്യക്തിയും കച്ചവടത്തിന്റെ ഭാഗമായിമാറുകയും ലാഭം പങ്കിടുകയും ചെയ്യുന്നു എന്നതാണ് വിശേഷം. അതിന് കൂടുതൽ മാർഗവും പശ്ചാത്തലവും ഒരുക്കാൻ 'സൈബർ സ്പേസി'ന് കഴിഞ്ഞു. മലയാളത്തിൽ ഇതെങ്ങിനെ സംഭവിച്ചു എന്ന് സൈബർ സാഹിത്യത്തെ മുൻനിറുത്തി കൂടുതൽ വിശദീകരിക്കാൻ കഴിയും. അതിന് ഒരുദാഹരണം എന്ന രീതിയിലാണ് ഈ പ്രബന്ധത്തിൽ സൈബർ കഥാസാഹിത്യത്തെ സ്വീകരിക്കുന്നത്. ഈ

പ്രബന്ധം ഉത്തര ഉത്തരാധുനികതയുടെ വിമർശനമോ അതിനെ പുകഴ്ത്തലോ അല്ല. വായനയുടെയും ആസ്വാദനത്തിന്റെയും മാറുന്ന അവസ്ഥകളെക്കുറിച്ച ചില നിരീക്ഷണങ്ങൾ മാത്രമാണ്.

**സൈബർ സ്പേസിന്റെ ലോകക്രമം**

കടലാസിൽ അച്ചടിച്ച എഴുത്തിന് ആധുനികത അടിച്ചേൽപ്പിച്ച ആധികാരികത ഗവേഷണമേഖലയിലടക്കം ഇപ്പോഴും തുടരുന്നുണ്ട്. താളിയോലയിൽ എഴുതപ്പെട്ടത് എന്തുതന്നെയായാലും ആധികാരികമാണെന്ന് എത്ര യുക്തിഭദ്രമല്ലയോ അത്രയും യുക്തിഭദ്രമല്ല അച്ചടിയുടെ ആധികാരികതയും. സൈബർ ഇടത്തെ ഭയപ്പെടുന്നത് എഴുത്തിന്റെ അധികാരത്തെ അച്ചടിയിലും കടലാസിലും സ്ഥാപിക്കുന്നവരാണ്. റേഡിയോയിൽ നിന്ന് ടെലിവിഷനിലേക്കും വീഡിയോപ്ലെയറിൽ നിന്ന് കംപ്യൂട്ടറിലേക്കും കാലം മാറിയപ്പോഴൊക്കെയും വരാനിരിക്കുന്നത് ആശങ്കയുടെ കാലമാണെന്ന് മനുഷ്യൻ ഭയപ്പെട്ടു. വാചികാഖ്യാനത്തിൽ നിന്ന് എഴുത്തിലേക്ക് മാറിയപ്പോഴും താളിയോലയിൽ നിന്ന് കടലാസിലേക്ക് മാറിയപ്പോഴും നാരായത്തിൽ നിന്ന് അച്ചടിയിലേക്ക് മാറിയപ്പോഴും ഇതേ ഭയപ്പാട് മനുഷ്യനുണ്ടായിട്ടുണ്ടാകണം. പുതുനൂറ്റാണ്ടിൽ റിയാലിറ്റി ഹൈപ്പർറിയാലിറ്റിയിലേക്കും ടെക്സ്റ്റ് ഹൈപ്പർ ടെക്സ്റ്റിലേക്കും മാറി. ഹൈപ്പർലിങ്കുകളുടെയും ബ്രൗസിംഗിന്റെയും ലോകമാണിത്. ആദിമധ്യാന്തപ്പൊരുത്തം, സുഘടിതകഥാഖ്യാനം, സവിശേഷമായ ക്ലൈമാക്സ്, ആഖ്യാനത്തിലെ ഏകതാനത തുടങ്ങി കൊട്ടിഘോഷിക്കപ്പെട്ട കഥാഘടനകൾ ഇക്കാലത്തും വേണമെന്ന് ഇനിയും വാശിപിടിക്കുന്നതിൽ എന്തർഥം! പുസ്തകത്തെക്കുറിച്ചല്ല സ്ക്രീനിനെക്കുറിച്ചാണ് ഇനി സംസാരിക്കുന്നത്. പേജ് എന്നതിനർഥം ഇന്ന് കടലാസിലെ പേജല്ല, സ്ക്രീനിലെ പേജാണ്. കാണാതെ പഠിക്കലല്ല (മനപ്പാഠം) കാണലാണ് ഇപ്പോൾ അറിവ്.വിവരങ്ങളെക്കാളുപരി വിവരസാങ്കേതികതയുടെ

അരാജകവാഴ്ച (ഇൻഫൊർമേഷൻ അനാർക്കി) എന്ന വിശേഷണമാണ് ഉത്തരഉത്തരാധുനികതയുടെ വിശേഷണം. അരാജകവാഴ്ച എന്ന പ്രയോഗത്തിന്റെ പിഴമൂല്യമല്ല അനന്തസാധ്യതയാണ് ഇവിടെ പ്രധാനം. അതൊരു കുറ്റപ്പെടുത്തലല്ല, എല്ലാത്തരം അധികാരങ്ങളിൽനിന്നും മനുഷ്യവ്യവഹാരങ്ങളെ വേർപ്പെടുത്താനുള്ള ശ്രമമാണ്. അതുകൊണ്ടുതന്നെ കഥയെഴുത്തിന്റെ രീതിശാസ്ത്രത്തെക്കുറിച്ച് എഴുതപ്പെട്ട വഴികാട്ടി പുസ്തകങ്ങളൊക്കെ അപ്രസക്തമാവുകയും പുതിയ കഥയെഴുത്തിന് 'ഗൈഡു'കൾ ആവശ്യമില്ലാതാവുകയും ചെയ്യുന്നു.

സൈബർ എന്ന വാക്ക് മലയാളികൾക്ക് ഇന്ന് ഏറെ പരിചിതമാണ്. സൈബറിടം, സൈബർ കഫേ, സൈബർ കുറ്റകൃത്യം, സൈബർ സെക്സ്, സൈബർ ഗെയിംസ്, സൈബർ സെൽ എന്നെല്ലാം അവർ ഇപ്പോൾ വളരെ സാധാരണയായി ഉപയോഗിക്കുന്നുമുണ്ട്. ഇതെല്ലാം സാധ്യമായ ഒരു ഇടത്തിൽ സാഹിത്യവും സാധ്യമാകുമല്ലോ. ഉത്തരാധുനിക ജീവിതാവസ്ഥയുടെ ഭാഗമായ വിവരസാങ്കേതികവിദ്യയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന പുതിയ എഴുത്തിനെ സൈബർസാഹിത്യം എന്നു നിർവചിക്കാം (പി.കെ രാജശേഖരൻ: 2002: 9). ലോകത്തെ മുഴുവനായും ബന്ധിപ്പിക്കുന്ന ഒരു വല മാത്രമല്ല ജീവിക്കുന്ന ലോകത്തിന്റെ പ്രതീതിയാഥാർഥ്യം കൂടിയാണ് ഇന്റർനെറ്റ്. കർതൃത്വം, ശരീരം, കാമന, യാഥാർഥ്യം, എഴുത്ത് തുടങ്ങിയ അനേകം ധാരണകളെ അത് മാറ്റിമറിക്കുന്നു. ഭൗതികമായ അതിരുകൾ (ഫിസിക്കൽ ബൗണ്ടറീസ്) ഇല്ലാത്ത അനുഭവതലമാണ് സൈബർ സ്പേസ്. അച്ചടി അപ്രസക്തമായിക്കൊണ്ടിരിക്കുന്നതിന് പ്രധാനകാരണം സൈബർ ലോകമാണ്. ബൈറ്റുകളുടെ അളവില്ലാത്ത അടുക്കുകളും അതിന്റെ അനന്തമായ പ്രവാഹവുമാണ് സൈബറിനെ നിയന്ത്രിക്കുന്നത്. ഒരു ഭാഷയിലെ നിർണിതമായ അക്ഷരമാലയിൽ എഴുതപ്പെട്ട കഥകളുടെ ലോകത്തുനിന്ന്

അതുകൊണ്ടുതന്നെ സൈബർ സാഹിത്യം രക്ഷപ്പെടുന്നു. ഇമേജുകളുടെ ധാരാളിത്തമാണത് സാധ്യമാക്കുന്നത്. പ്രതീതിയാഥാർത്ഥ്യം (വെർച്വൽ റിയാലിറ്റി), കൃത്രിമബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്), അമിത യന്ത്രവൽക്കരണം (ഓട്ടോമേഷൻ) തുടങ്ങിയ സാങ്കേതികവിദ്യകളാണ് സൈബർലോകത്തെ സാധ്യമാക്കുന്നത്. മാന്വൽ എന്നു വിളിക്കുന്ന മനുഷ്യശ്രമങ്ങൾക്ക് അവിടെ കൂടുതൽ ഇടമില്ല. കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയെടുത്തതും കമ്പ്യൂട്ടർ അനുബന്ധ സാങ്കേതികവിദ്യയുടെ സഹായത്താൽ ആസ്വദിക്കാൻ കഴിയുന്നതുമായ ഭാഷയാണ് സൈബർ ഭാഷ. ആ ഭാഷയിൽ എഴുതപ്പെടുന്ന സാഹിത്യമാണ് സൈബർ സാഹിത്യം (മനോജ് ജെ. പാലക്കുടി. 2018: 35)

സൈബർസ്പേസ് എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് സൈബർസ്പേസിലല്ല, ലിഖിതസാഹിത്യത്തിലാണ് എന്ന കാര്യം തർക്കമറ്റതാണെങ്കിലും അത് എവിടെ, ആര് എന്ന കാര്യം ഇപ്പോഴും കൃത്യമായിട്ടില്ല. 1984 ൽ വില്യംഗിബ്സൺ എഴുതിയ കൽപിത ശാസ്ത്രനോവലിലാണ് ആ സാങ്കേതികവാക്ക് ആദ്യമായി എഴുതപ്പെടുന്നത് എന്നാണ് പ്രധാന നിഗമനം. 1996 നു ശേഷമാണ് ബ്ലോഗ് എന്ന സ്വയംപ്രകാശനശാല ഇന്റർനെറ്റിൽ ആരംഭിച്ചത്. അഞ്ചാറു വർഷങ്ങൾകൊണ്ട് അത് ലോകമെമ്പാടും വ്യാപിച്ചു. അതോടെ, പത്രാധിപരുടെയും പ്രസാധകരുടെയും ഇടപെടലില്ലാതെ വായനക്കാരിലേക്ക് രചനകൾ എത്തിക്കാനുള്ള വലിയൊരു വഴി എഴുത്തുകാർക്ക് മുന്നിൽ തുറക്കപ്പെട്ടു. ബ്ലോഗുകളിലും മറ്റും എഴുതപ്പെടുന്ന ഫിക്ഷനുകൾക്ക് മൈക്രോ നോവൽ എന്ന പേര് ഉണ്ട്. സാമൂഹികമാധ്യമങ്ങൾ എന്ന പേരിൽ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്റർനെറ്റ് ഇടത്തിലുള്ള വമ്പിച്ച സാധ്യതകൾ വായനയുടെയും എഴുത്തിന്റെയും അന്തരീക്ഷത്തെത്തന്നെ മാറ്റിമറിച്ചു. ഓർക്കുട്ട്, യൂട്യൂബ്,

ഫേസ്ബുക്ക്, ട്വിറ്റർ, വാട്സാപ്പ് എന്നിവയൊക്കെയും സാഹിത്യത്തിന്റെ ഇടങ്ങൾകൂടി ആയി. ട്വിറ്ററേച്ചർ എന്ന സാഹിത്യരൂപംതന്നെ ഇപ്പോൾ വികസിച്ചിട്ടുണ്ട്. ട്വിറ്റർ വഴിയുള്ള ആദ്യനോവൽ നിക്കോളാസ് ബലാഡസിന്റെ 2006 മുതൽ 2010 വരെ 900 ട്വീറ്റ്സ് എന്ന പേരിൽ പ്രസിദ്ധീകരികരിച്ചു. Weblokam.com പ്രസിദ്ധീകരിച്ച 'ദേവദുന്ദുഭി' എന്ന ജനപ്രിയ മാന്ത്രികനോവലാണ് (ഏറ്റുമാനൂർ ശിവകുമാർ) മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ.

## സൈബർസാഹിത്യവും മലയാളഭാഷയും

മലയാളം ടൈപ്പ് ചെയ്തെടുക്കുന്നതിലുണ്ടായ വികാസങ്ങൾ സൈബർ എഴുത്തിന്റെ സാധ്യതകളെ വിശാലമാക്കി. മലയാളം ഇംഗ്ലീഷ് കീബോർഡിൽ കുത്തിയെടുത്താണ് ആദ്യത്തെ സൈബർ എഴുത്ത്. യൂണികോഡിന്റെ പ്രചാരത്തോടെ ഇന്റർനെറ്റിൽ നേരിട്ട് ടൈപ്പ് ചെയ്യാമെന്നു വന്നത് വലിയ വിപ്ലവമായിരുന്നു. ആൻഡ്രോയ്ഡ് ഫോണുകളുടെ പുതിയ അപ്ലിക്കേഷനുകൾ വിരലുകൊണ്ടെഴുതിയും മലയാളത്തിന്റെ തനത് ടൈപ്പിംഗ് സാധ്യതകൾ ഉപയോഗപ്പെടുത്തി. അത് പഴയ നിലത്തെഴുത്തിനെപ്പോലെ അക്ഷരവിന്യാസത്തെ എളുപ്പമാക്കിയതോടെ മലയാളത്തിൽനിന്ന് ധാരാളമാളുകൾ സൈബർ എഴുത്തിൽ ഇടപെടാൻ തുടങ്ങി. ഫോട്ടോയിൽനിന്ന് ടെക്സ്റ്റിലേക്ക് മാറ്റാനുള്ള സാങ്കേതികവിദ്യ മലയാളത്തിലേക്കുകൂടി വന്നതോടെ പകർത്തിയെഴുത്തും എളുപ്പമായി. ഇപ്പോഴിതാ, സ്പീച്ച് ടു ടെക്സ്റ്റ് സംവിധാനങ്ങളിലൂടെ 'നിങ്ങൾ പറഞ്ഞാൽമതി, പ്രസാധനം ചെയ്യാം' എന്നായിരിക്കുന്നു സാഹിത്യരചനയുടെ ലോകം. എഴുതി, തിരുത്തി, മാറ്റിയെഴുതി, വീണ്ടും തിരുത്തി കടലാസുകെട്ടുകളും കെട്ടുകണക്കിന് സമയവും ചിലവിടേണ്ട പേനയുന്തൽ എഴുത്തുകൾ ഇവിടെ ഇനി ഇല്ല. 'തൂലിക ചലിപ്പിച്ച എഴുത്തുകാരൻ' എന്ന ചെടിച്ച വിശേഷണം ഇവിടെ നടപ്പില്ല. ട്വിറ്റർ,

ഫെയ്സ്ബുക്, യൂട്യൂബ്, വാട്സാപ് തുടങ്ങിയ മാധ്യമങ്ങളിലെ ഗവേഷണലേഖനങ്ങൾ മുതൽ ട്രോളുകൾ വരെ പുതിയ എഴുത്തിന്റെ മേഖലകളാണിന്ന്. പി. ഡി. എഫ് പോലുള്ള സാങ്കേതികരൂപങ്ങളും ഇ ബുക്, കിന്റ്ൽ തുടങ്ങിയ നവ സാങ്കേതിക ഉപകരണങ്ങളും പുതുതലമുറ ഫോണുകളും സൈബർ എഴുത്തിന്റെയും വായനയുടെയും സാധ്യതകൾ വർധിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ഈ ലേഖനത്തിൽ അച്ചടിമഷി പുരളുമ്പോഴേക്കും ഒരുപക്ഷേ, സൈബർ ഭാഷയിൽ പുതിയൊരു മാറ്റം വന്നുകഴിഞ്ഞിരിക്കാം.

മൂന്നുതരത്തിലാണ് സൈബർസ്പേസ് മലയാളസാഹിത്യത്തെ സ്വാധീനിച്ചത്:

1. അച്ചടി സാഹിത്യത്തിലെ വിഷയമായോ പശ്ചാത്തലമായോ പരാമർശമായോ സൈബർ കടന്നുവരുന്നത്. മുമ്പ് സൈബർ സാഹിത്യം എന്ന വിഷയത്തിൽ നെടുങ്കൻ പഠനങ്ങൾ വന്നിരുന്നതും അവയെ ആസ്പദമാക്കിയായിരുന്നു. ഇടയ്ക്കിടയ്ക്ക് നായകൻ കമ്പ്യൂട്ടറിൽ തന്റെ ഇ.മെയിൽ സന്ദേശങ്ങൾ പരിശോധിക്കുന്നുണ്ട് എന്ന ഒരൊറ്റ കാരണത്താൽ എം. മുകുന്ദന്റെ 'നൃത്തം' 'മലയാളത്തിലെ ആദ്യത്തെ സൈബർ നോവൽ' എന്ന് വിശേഷിപ്പിക്കപ്പെട്ടു. പി. കെ രാജശേഖരൻ മലയാളത്തിലെ സൈബർ കഥകൾ എഡിറ്റുചെയ്ത് 'ഭാവനാതീതം' എന്ന പേരിൽ 2002 ൽ പ്രസിദ്ധീകരിച്ചു. ഈ സമാഹാരത്തിലും, അച്ചടിക്കഥകളിലെ സൈബർവിശേഷങ്ങളെയാണ് സൈബർകഥ എന്ന് വിവക്ഷിച്ചത്. മറ്റൊരു വസ്തുത ഈ അച്ചടിരചനകളിൽ മിക്കതിലും സൈബർ ലോകത്തെപുതിയ കാലത്തിന്റെ 'അപകടകരമായ അടയാള'മായാണ് പരിചയപ്പെടുത്തിയത്. ഇന്റർനെറ്റിനെ ഈ കഥയെഴുത്തുകാർ അപരത്വത്തിൽ നിറുത്തിയാണ് ആവിഷ്കരിക്കരിച്ചത്. എന്നിട്ടുപോലും യഥാർഥ സൈബർ ലോകം മലയാളത്തിലെ അച്ചടിസാഹിത്യത്തിൽ വേണ്ടത്ര പ്രതിഫലിച്ചിട്ടില്ല. കെ. വി പ്രവീണിന്റെ

കഥകളായ 'ഓർമച്ചിപ്പ്', പ്രവീൺചന്ദ്രന്റെ 'അപൂർണതയുടെ പുസ്തകം' തുടങ്ങിയ ചില രചനകളെ മാറ്റിനിറുത്തിയാൽ സൈബർ സാങ്കേതികത, ഹാക്കിംഗ്, പ്രോഗ്രാമിംഗ്, സബ്കൾച്ചർ തുടങ്ങിയ വിഷയങ്ങൾ രചനാപരിധിയിൽ കൊണ്ടുവന്നിട്ടുള്ള സാഹിത്യകൃതികൾ മലയാളത്തിൽ വളരെ ചുരുക്കമാണ്.

2. അച്ചടിച്ച സാഹിത്യം ഓൺലൈൻവഴി വായിക്കാൻ സാധ്യമാകുന്നതിനെയും സൈബർ വായന എന്നു വിളിക്കാം. യഥാർഥത്തിൽ അത് അച്ചടിസാഹിത്യത്തിന്റെ ഒരു നീട്ടിവെപ്പു മാത്രമാണ്. ഇ.ബുക്കുകളുടെ പ്രചാരണത്തോടെ ഏതാണ്ട് പ്രമുഖ പ്രസാധകരൊക്കെയും തങ്ങളുടെ പുസ്തകം ഓൺലൈനിൽ വായിക്കാൻ ലഭ്യമാക്കുന്നുണ്ട്. പഴയ കൃതികളുടെ പി. ഡി. എഫ് പതിപ്പുകളും കിട്ടും. ഇതിനെ സൈബർ സാഹിത്യമെന്ന് വിശേഷിപ്പിക്കാനാവില്ല. ഒരുപക്ഷേ, പുസ്തകവായന തീരെ ഇല്ലാതാവുകയും ഇന്ന് നമ്മുടെ അലമാരകൾ നിറച്ചുവെച്ച തടിച്ച ഗ്രന്ഥങ്ങളൊക്കെ താളിയോലകളെപ്പോലെ പുരാവസ്തുക്കളാവുകയും അതിന്റെ മുഴുവൻ ഡിജിറ്റൽ പതിപ്പുകൾ നമ്മുടെ കാറിന്റെ കീചെയിനിൽ തൂക്കിയിട്ട് നടക്കുകയും ചെയ്യുന്ന കാലത്ത് ഭാഷയിൽ സൈബർ സാഹിത്യം / അച്ചടിസാഹിത്യം എന്ന അതിരുതന്നെ മാഞ്ഞുപോകുമായിരിക്കും.

3. സൈബർ രംഗത്ത്, അതിന്റെ എല്ലാ സാധ്യതകളുമുപയോഗിച്ച് സാഹിത്യരചന നടത്തുന്നതാണ് മൂന്നാമത്തേത്. ഈ പ്രബന്ധത്തിൽ സൈബർ സാഹിത്യം എന്ന പരിധിക്കകത്തുവെച്ച് പരിഗണിക്കുന്നത് അവയെ മാത്രമാണ്. ലിഖിതസാഹിത്യത്തിന്റെ ആഖ്യാനതന്ത്രങ്ങളെ സൈബർ എഴുത്തുകൾ നവീകരിക്കുകയോ മാറ്റിമറിക്കുകയോ ചെയ്യുന്നു. എഴുത്തിനും വായനക്കുമിടയിൽ എഡിറ്ററുടെയും പബ്ലിഷറുടെയും ഇടപെടലുകളില്ല

എന്നതാണ് സൈബർ എഴുത്തിന്റെ പ്രധാന സാധ്യത. ഗുണനിലവാരത്തെയും ധാർമിക സദാചാര വിചാരങ്ങളെയും മുൻനിറുത്തി ഇതൊരു മോശം സാഹചര്യമാണെന്ന് വിമർശിക്കുന്നവരുമുണ്ട്. അങ്ങനെ വിമർശിക്കുന്നവരും സൈബർ സാഹിത്യരംഗത്ത് എഴുതിക്കൊണ്ടിരിക്കുന്നുമുണ്ട്. എഴുത്തിനു ലഭിക്കുന്ന അതേ സ്വാതന്ത്ര്യം അതിനെക്കുറിച്ചുള്ള പ്രതികരണത്തിനും ലഭിക്കുന്നു എന്നതാണ് സൈബർ എഴുത്തിന്റെ മറ്റൊരുഘടകം. ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അത്രയും സ്വാതന്ത്ര്യം അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണമല്ലോ. മലയാളത്തിലെ സൈബർ എഴുത്തിൽ ആദ്യകാലത്തേ പ്രസിദ്ധമായ കൊടകരപുരാണം, നാലാമിടം തുടങ്ങിയവ ധാരാളം വായനക്കാരുള്ള സൈബർ എഴുത്തുപുരകളാണ്. ആയിരക്കണക്കിന് ബ്ലോഗുകളും ഫേസ്ബുക്ക് രചനകളും, വാട്സാപ്പിലൂടെ അറിഞ്ഞും അറിയാതെയും പ്രചരിക്കുന്ന ലക്ഷക്കണക്കിന് രചനകളും ഈ സൈബർ എഴുത്തിന്റെ അതിവിശാലഭൂമികയിൽ ഇന്നുണ്ട്.

**സൈബർ കഥകളുടെ മലയാളജാലകം**

പ്രമുഖ കഥാകൃത്തുക്കൾക്ക് പ്രസക്തിയില്ലാത്ത ഇടമാണ്, മറ്റെല്ലാ സാഹിത്യരൂപങ്ങളെയും പോലെ സൈബർ കഥാലോകവും. ഈ രംഗത്ത് ധാരാളം വായനക്കാരുള്ള പലരും അച്ചടിമാധ്യമങ്ങളിൽ ഇന്നോളം എഴുതാത്തവരും അവരിൽ ചിലരെങ്കിലും അതിന് ശ്രമിക്കാത്തവരുമാണ്. മറ്റൊരു രസകരമായ വസ്തുത, കേരളത്തിന് പുറത്തു ജീവിക്കുന്ന പ്രവാസികളാണ് മലയാളത്തിലെ സൈബർ എഴുത്തിന്റെ ലോകത്ത് ഭൂരിപക്ഷവും എന്നതാണ്. മലയാളം, മലയാളി എന്നീ അതിരുകൾ അപ്രസക്തമാക്കുകയും പാരമ്പര്യം, പൈതൃകം, അനുശീലനം, പരിശീലനം, ഭാഷാശേഷി തുടങ്ങിയ പൂർവനിശ്ചയങ്ങളെ സന്നിഗ്ധമാക്കുകയും ചെയ്യുന്നു ഈ എഴുത്തുകാർ. ഉദാഹരണത്തിനായി, മലയാളത്തിൽ നിരന്തരം

സൈബർകഥകളെഴുതുന്ന ചില പുതിയ കഥാകൃത്തുകൾ തങ്ങളുടെ പേജിൽ ചേർത്ത പ്രൊഫൈലുകൾ ഇങ്ങനെയാണ്:

1. Shaji Narayan. Artist, Writer, Blogger. Graduated from Fine Arts College, Thrissur. Lives in Dubai. From Thrissur.

2. Robin George. From Ettumanoor. Working in shipping industry. Lives in Middle East.

3. Anoop Surendran. Writer, blogger. From Kollam.

4. Shyna Rajesh. Strategist, Business Writer, and Blogger. Lives in Bangalore

5. Manoj Devarajan. Writer, Blogger. Software Engineer. From Kottayam. Lives in Ernakulam.

6. N Ramachandran. Writer, Blogger. Traveller. Lives in Muscat

(അടിവരചേർത്ത ദേശനാമങ്ങൾ ശ്രദ്ധിക്കുക)

എഴുത്തിന്റെ പ്രത്യക്ഷരൂപം ചെറുതായി എന്നതാണ് സൈബർ കഥകളുടെ പ്രധാന പ്രത്യേകത. നാനോ കഥ എന്ന ചെല്ലപ്പേരും ഇതിനുണ്ട്. ഒറ്റപ്പേജിൽ ഒതുക്കാവുന്ന കഥകൾക്ക് പ്രിയമേറി എന്നു മാത്രമല്ല, കൂടുതൽ പേജുള്ള കഥകൾ തുടർന്ന് വായിക്കാൻ ഹോംപേജിൽ നിന്ന് മറ്റൊരു പേജിലേക്ക് വായനക്കാരെ ക്ഷണിക്കുകയാണ് ചെയ്യുക. അതിനാൽ, 'റീഡ് മോർ...' എന്ന ലിംക്ബട്ടൺ കഥാകൃത്തിന്റെ മുമ്പിൽ വെല്ലുവിളിയാണ്. വായനക്കാരുടെ വിരലുകളെ അവിടെ സ്പർശിപ്പിക്കുക എന്നതാണ് എഴുത്തുകാരുടെ ചലഞ്ച്. അതുകൊണ്ടുതന്നെ കഥകളുടെ ദൈർഘ്യം കുറച്ച് അത് വേഗത്തിൽ ഷെയർ ചെയ്യാനും പെട്ടെന്ന് വായിക്കപ്പെടാനും പാകത്തിൽ ആദ്യഭാഗത്തെ സർഗാത്മകമാക്കുക എന്ന വെല്ലുവിളികൂടി കഥയെഴുത്തുകാർ സ്വായത്തമാക്കേണ്ടിവരും. സൈബർകഥയുടെ ചെറുപ്പവും പ്രചാരവും മിനിക്കഥ എന്ന സാഹിത്യരൂപത്തെ അച്ചടിമേഖലയിൽകൂടി ഇല്ലാതാക്കിയെന്നു മാത്രമല്ല

നവകവിതയുടെ വൃത്തനിരാസം എന്ന 'മഹത്തായ വിപ്ലവ'ത്തെ അത് അപ്രസക്തമാക്കുകയും ചെയ്തു. (മലയാളത്തിലെ ബുദ്ധിയുള്ള യുവകവികൾ പഴയ ഛന്ദോബന്ധ രചനാരീതിയിലേക്ക് സൂത്രത്തിൽ മാറിക്കളഞ്ഞത് ഈ വെല്ലുവിളിയെ മറികടക്കാനാണ് എന്ന രസകരമായ നിരീക്ഷണം സാധ്യമാണ്.)

കഥയുടെ വിന്യാസത്തിൽ ഇമോജികൾ, ചിഹ്നങ്ങൾ, ചിത്രങ്ങൾ, വീഡിയോകൾ എന്നിവ ചേർക്കാൻ സൈബർ എഴുത്തിൽ കഥാകൃത്തിനു കഴിയുന്നു. എന്നുമാത്രമല്ല സ്വന്തം കഥ ഇലസ്ട്രേഷനുകൾ ചേർത്ത് സ്വയം ഡിസൈൻചെയ്യാനുള്ള അവസരവും കഥാകൃത്തിന് ലഭിക്കുന്നു. അതുകൊണ്ടുതന്നെ കഥയ്ക്ക് സൈബർരൂപം സ്വയമേവ ഒരു ക്രാഫ്റ്റായി മാറുന്നു. വാട്സാപ് മസ്സേജ് രൂപത്തിലും ഈ മെയിൽ രൂപത്തിലും കഥ തയ്യാറാകുന്നു. ലിഖിതരൂപത്തിൽ നിന്ന് വായന, കാഴ്ച, കേൾവി, വീഡിയോ, പശ്ചാത്തല സംഗീതം എന്നിവകൂടി ഉപയോഗിക്കാവുന്ന മൾടി മീഡിയ കഥാഖ്യാനതന്ത്രം ഉപയോഗപ്പെടുത്തി കഥ അവതരിപ്പിക്കാൻ കൂടി സൈബർ സ്പേസ് അവസരം നൽകുന്നുണ്ട്. കഥപറച്ചിൽ എന്ന പഴയ ആഖ്യാനതന്ത്രത്തെ അങ്ങനെ സൈബർ കഥകൾ തിരിച്ചുപിടിക്കുകയാണ്. കഥയെഴുത്തിന്റെ ഘടനയ്ക്കുത്ത് ഇമോജികൾ ഉൾച്ചേർത്ത് പുതിയൊരു സൈബർ ഭാഷതന്നെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇമോജികൾ മാത്രം ഉപയോഗിച്ചുള്ള കഥകളുമുണ്ട്. സോഷ്യൽമീഡിയ മലയാളം എന്ന പുതിയ ഭാഷതന്നെ ഇപ്പോൾ ഉണ്ടല്ലോ. അതിന് സവിശേഷമായ പദസമ്പത്തും പൂർവനിശ്ചിതമായ അർത്ഥ സാധ്യതകളുമുണ്ട്. അവയെല്ലാം സൈബർ കഥകളിലും കാണാം.

തലക്കെട്ടിന്റെ വിന്യാസം, അക്ഷരങ്ങളുടെ വലുപ്പക്രമീകരണം, ടെക്സ്റ്റിന്റെ നിറവ്യത്യാസം, ചിത്രങ്ങളുടെ സന്നിവേശം, ആവശ്യമായ ഉപവിവരങ്ങളുടെ ലിങ്കുകൾ, കഥ വായിച്ചുകേൾക്കാനുള്ള സൗകര്യം,

സംഭാഷണങ്ങൾ കഥാപാത്രത്തിനനുയോജ്യമായ സ്വരത്തിൽ കേൾക്കാനുള്ള സംവിധാനം, അനിമേഷൻ അടക്കമുള്ള വീഡിയോ വിവരണങ്ങൾ തുടങ്ങി ആസ്വാദനത്തിന്റെ അപൂർവമായ സാധ്യതകളെ മുഴുവൻ മലയാളത്തിലെ സൈബർകഥകൾ സ്വീകരിക്കുന്നുണ്ട്. ഇന്റർനെറ്റിലെ ഹൈപ്പർലിങ്ക് എന്ന സാധ്യതയെ പ്രയോജനപ്പെടുത്തി എഴുതിയ കഥക്ക് ഉദാഹരണമാണ് എസ് ജയേഷിന്റെ 'ആദിമധ്യാന്തം' എന്ന കഥ. ഒറ്റക്കഥമാത്രമുള്ള ഒരു ബ്ലോഗായി ഈ കഥ വായിക്കാൻ ലഭിക്കും. വ്യത്യസ്തമായ ആറു ക്ലൈമാക്സുകളുണ്ട് ഈ കഥയ്ക്ക് എന്നതാണ് മറ്റൊരു പ്രത്യേകത. സക്കറിയയുടെ 'അശ്ലീലം വരുത്തിവെച്ച വിന' എന്ന കഥയുടെ ഇരട്ടക്ലൈമാക്സിനെ ഇത് ഓർമിപ്പിക്കുമെങ്കിലും ക്ലൈമാക്സിലെ ക്ലൈമാക്സ് കൂടി ഈ കഥ ഒരുക്കിവെക്കുന്നു. കഥയുടെ ആറ് ക്ലൈമാക്സുകളിൽ അഞ്ചെണ്ണമേ കഥാകൃത്ത് നല്കുന്നുള്ളൂ. ആറാമത്തേത് വായനക്കാർക്ക് കൂട്ടിച്ചേർക്കാം. അങ്ങനെ കൂട്ടിച്ചേർത്ത പത്തിലേറെ ക്ലൈമാക്സുകൾ ഇപ്പോൾ ഈ കഥയ്ക്കുണ്ട്. അതിനിയും കൂടിയേക്കാം. വായനയുടെ അനന്തസാധ്യതയുടെ ലോകം അങ്ങനെ മലയാളത്തിലെ സൈബർകഥ തുറന്നിടുന്നു.

ഇത് അരാജകത്വമല്ലേ എന്ന് ചോദിച്ചേക്കാം. ഉത്തര ഉത്തരാധുനികതയുടെ പ്രധാന പ്രവണതയായ ഈ അധികാരനിരാസം മറ്റു ചില പ്രവണതകളെക്കൂടി സൈബർ എഴുത്തിൽ സൃഷ്ടിക്കുന്നുണ്ട്. എഴുത്തുകാരുടെ അധികാരം സൈബർ ഇടം ഒരു പരിധിവരെ മാത്രമേ വകവെച്ച് തരികയുള്ളൂ. ഒരേ കഥ പല പേരുകളിലും പല രൂപത്തിലും മാറ്റി നിർമിക്കപ്പെടുകയും അതിനൊക്കെ പല കൂട്ടിച്ചേർക്കലുകളിലൂടെ പല ഉടമസ്ഥരും ഉണ്ടാവുകയും ചെയ്യും. കഥ ആദ്യം ആരെഴുതി എന്നതിന് ഇവിടെ പ്രസക്തിയില്ലാതാകുന്നു. ഷെയർ ചെയ്ത് ചെയ്ത്, തിരുത്തിത്തിരുത്തി വായനക്കാരുടെ കൂട്ടിച്ചേർക്കലുകൾക്കനുസരിച്ച്, മാറ്റംവരുത്തലുകൾക്കനു

സരിച്ച് കഥ മുന്നേറുന്നു. വായിക്കുന്നവർകൂടി കഥയിൽ ഇടപെടുന്നത് കഥാവായനയുടെ മാത്രമല്ല കഥാ വിമർശനത്തിന്റെ കൂടി അധികാരവഴക്കങ്ങളെ ഇല്ലാതാക്കുന്നുണ്ട്. അച്ചടിരൂപത്തിൽ എഴുതപ്പെട്ട കഥ സൈബർസ്പെയ്സിൽ അതിന്റെ എല്ലാ സാധ്യതകളുമുപയോഗിച്ച് നിരൂപണംചെയ്യപ്പെടുന്നത് കഥയെഴുത്തിൽ പുതിയ വായനാസംസ്കാരത്തെ സൃഷ്ടിച്ചിട്ടുണ്ട്. സന്തോഷ് എച്ചിക്കാനത്തിന്റെ 'ബിരിയാണി', അശോകൻ ചരുവിലിന്റെ 'കളിയെഴുത്ത്' തുടങ്ങിയ അച്ചടിക്കഥകൾ മലയാളികൾക്കിടയിൽ ട്രോളുകൾക്കുവരെ വിഷയമായി മാറിയിട്ടുണ്ട്.

മലയാളത്തിലെ പുതുതലമുറയിൽപെട്ട അച്ചടി എഴുത്തുകാരിൽ പലരും സൈബർ കഥാലോകത്തും എഴുതിക്കൊണ്ടിരിക്കുന്നവരാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അച്ചടിച്ചുവരുന്ന കഥകളെക്കാൾ കൂടുതൽ വായനക്കാരെയും കൂടുതൽ മികച്ച പ്രതികരണങ്ങളെയും അവർ സൈബർസ്പേസിൽ നിന്ന് പ്രതീക്ഷിക്കുന്നു. അച്ചടിക്കഥകളിൽ മാത്രമായി അധികകാലം അതിജീവിക്കാനാവില്ല എന്ന യാഥാർഥ്യംകൊണ്ടുകൂടിയാണ് അത്. ഇന്ദുമേനോൻ, ബി മുരളി, ബെന്യാമിൻ, ഷാജി കുമാർ തുടങ്ങിയവരൊക്കെ സ്വന്തമായി ബ്ലോഗുകളുള്ളവരാണ്. സൈബർ കഥകളിലൂടെ വായനക്കാരിലെത്തിയ ചിലരെങ്കിലും അച്ചടിമേഖലയിലും പ്രിയപ്പെട്ടവരായി മാറിയിട്ടുണ്ട്. വാരികളിലെ ബ്ലോഗ് പംക്തികളും സൈബർകഥകൾ സമാഹരിച്ച് പുസ്തകശാലകൾ പ്രസിദ്ധീകരിക്കുന്നതും ഇതിന് ആക്കംകൂട്ടി. മനോജ് വെങ്ങോല, എച്ച്മുക്കുട്ടി, ജയേഷ്, നിധീഷ്. ജി, സിമി ഫ്രാൻസിസ് നസ്റത്ത്, അബ്ദുൾ ഗഫൂർ, റഷീദ് തൊഴിയൂർ, ഏറനാടൻ തുടങ്ങിയ പുതുകഥാകൃത്തുക്കൾ സൈബർ എഴുത്തിനോടൊപ്പം അച്ചടിയെഴുത്തിലും ഇടപെടുന്നവരാണ്. ബൂലോകകഥകൾ, ഋതുകഥകളുടെ വസന്തം തുടങ്ങിയ കഥാബ്ലോഗുകൾ ഇപ്പോഴും വായനക്കാരുള്ളതാണ്.

**ഉപസംഹാരം**

എണ്ണിപ്പറഞ്ഞാൽപോലും അവസാനിക്കാത്തതാണ് സൈബർ കഥാലോകം. അവ ഇനിയും ഗവേഷകശ്രദ്ധയും പഠനങ്ങളും അർഹിക്കുന്നുണ്ട്. ആ കഥകളുടെ പ്രമേയതലവും ഭാഷാരീതിയും വിശകലനംചെയ്യുന്ന പഠനങ്ങളെക്കാൾ, സൈബർ എന്ന സ്പേസിന്റെ സാധ്യതകളെ എത്രത്തോളം ഉപയോഗിക്കുന്നുണ്ട് എന്ന മാനദണ്ഡത്തിലാണ് സൈബർകഥകളുടെ മൂല്യനിർണയനം സാധ്യമാകേണ്ടത്. വായനയുടെ ഹിറ്റ്, സജഷൻ എന്നിവ സൈബർ എഴുത്തുകളുടെ പ്രചാരണത്തെയും പരിഗണനയെയും സഹായിക്കുന്നുണ്ട് എന്നത് സമ്മതിച്ചുകൊടുക്കേണ്ട വിമർശനമാണ്. ലൈക്കുകൾ ഷെയറുകൾ എന്നിവ വ്യാജ വായനക്കാരെ സൃഷ്ടിക്കുകയും അതിന്റെ എണ്ണക്കൂടുതൽ അനാവശ്യമായ ശ്രദ്ധ രചകൾക്ക് നേടിക്കൊടുക്കുകയും ചെയ്യുന്നു. പത്രാധിപരും പ്രസാധകരും തെരെഞ്ഞെടുത്തില്ല എന്നതുകൊണ്ടുമാത്രം അച്ചടിശാലയിൽ നിന്ന് പുറത്തായ ഒരു കഥ സൈബർ സ്പേസിൽ പ്രസാധനം ചെയ്യപ്പെടുന്നത് എഴുത്തിന്റെ ജനാധിപത്യത്തെ പരിപോഷിപ്പിച്ചേക്കാം. മലയാള ചെറുകഥയുടെ ഏറ്റവും പുതിയ ഭാവുകത്വമായ സൈബർഎഴുത്തിനെ അത് പരിപോഷിപ്പിക്കുകയേ ഇല്ല.

**ഗ്രന്ഥസൂചി**

1. മധുസൂദനൻ ജി. ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ. ഡി. സി ബുക്സ്. കോട്ടയം. 2006

2. മനോജ് ജെ പാലക്കുടി. ഡോ. മലയാള സൈബർ സാഹിത്യം. ഗ്രീൻ ബുക്സ്. 2018

3. രാജശേഖരൻ. പി കെ. ഭാവനാതീതം. ഡി. സി ബുക്സ്. കോട്ടയം. 2002

4. സുനീത ടി. വി. സൈബർ മലയാളം. കറന്റ് ബുക്സ്. തൃശ്ശൂർ. 2013

5. ഹരികുമാർ എം. കെ. ഉത്തര ഉത്തരാധുനികത. ആൽഫ വൺ പബ്ലിക്കേഷൻസ്. 2012

(മലയാളത്തിലെ ഒട്ടനവധി ബ്ലോഗുകളും ഫേസ്ബുക്, വാട്സാപ്പ് പോസ്റ്റുകളും ഈ പ്രബന്ധരചനയ്ക്കുവേണ്ടി സന്ദർശിച്ചിട്ടുണ്ട്. അതിനു പിന്നിലെ ചങ്ങാതിമാർക്ക് നന്ദി)

---

*അസി.പ്രൊഫസർ, മലയാളവിഭാഗം, ഗവ.കോളേജ്, കൊണ്ടോട്ടി*